# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1712 31.01.2018-ൽ മറുപടിയ്ക്ക്.

## ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകൾ

| ചോദ്യം<br><br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പശ്ചാത്തല മേഖലയിൽ ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി വാർഷികപദ്ധതിയിൽ തുക നീക്കി വയ്ക്കുന്നതിന് റോഡുകളുടെ വീതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന റോഡുകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് മാത്രമേ ജില്ലാപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും പ്രോജക്ട് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തുകൾക്ക് വീതി സംബന്ധിച്ച നിബന്ധന ഇല്ല. |
| (സി) | ജില്ല, ബ്ലോക്ക്, പഞ്ചായത്ത് വാർഷിക പദ്ധതിയിൽ പശ്ചാത്തല മേഖലയിൽ റോഡുകൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ അവയ്ക്ക് മിനിമം തുക നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയിലും, ജില്ലാ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയിലും കുറഞ്ഞ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) | റോഡുകൾക്ക് വീതി നിബന്ധന വച്ചിരിക്കുന്നതിനാലും മിനിമം | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | തുകയുടെ പ്രവൃത്തി വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും മലയോര ഗ്രാമീണ മേഖലയിലെ റോഡുകളിൽ ഫണ്ടിന്റെ അഭാവത്തിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിയാറില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| **(ഇ)** | ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് റോഡ് നിർമ്മാണത്തിന് ഇപ്പോൾ നൽകിയിട്ടുള്ള നിബന്ധനകൾ ഒഴിവാക്കി റോഡുകളുടെ വീതിയോ തുകയോ പരിഗണിക്കാതെ ഫണ്ട് അനുവദിക്കുന്നതിന് ഉത്തരവ് ഭേദഗതി ചെയ്യുമോ? | **(ഇ)** | തത്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ